Page 1 of 1

## റവന്യൂ വകുപ്പിന് വകയിരുത്തിയ തുക

**122 (5204)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ റവന്യൂ - വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര രൂപ ചെലവാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി വകയിരുത്തിയ 10 കോടി രൂപയിൽ 31-3-2015 വരെയുള്ള ചെലവ് എത്രയെന്നും എന്തെല്ലാം കാര്യങ്ങൾക്കായി ആണ് ഈ തുക വിനിയോഗിച്ചതെന്നും വ്യക്തമാക്കാമോ ;

(ഡി) ഏതെല്ലാം പരിപാടികൾക്കായി വകയിരുത്തിയ തുകയിൽ എത്രതുക 2015 ഫെബ്രുവരി വരെ ചെലവഴിക്കാൻ കഴിയാതെ വന്നെന്നും അതിനുള്ള കാരണവും വിവരിക്കാമോ ;

(ഇ) ഈ പദ്ധതികൾക്കായി 2015 മാർച്ച് മാസം ചെലവാക്കിയ തുകയെത്രയെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 57,67,76,000 രൂപ.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 40,09,949 രൂപ. പ്രസ്തുത തുക ചുവടെപ്പറയും പ്രകാരം ചെലവഴിച്ചു :

1. പദ്ധതിക്ക് ഉപയോഗിക്കുന്നതിനുവേണ്ടി ഭൂമി ഒരുക്കുന്നതിനുള്ള പ്രാരംഭ ചെലവ്-9,92,608
2. സർവ്വേക്കല്ല് വാങ്ങൽ-1,95,000
3. സ്റ്റേഷനറി, വാഹനം, ഡി.റ്റി.പി. ഓപ്പറേറ്റർക്കുള്ള വേതനം തുടങ്ങിയവ-21,74,881
4. ചട്ടപ്രകാരമുള്ള ഫോറങ്ങളുടെ പ്രിന്റിംഗ്-59,650
5. അനാമത്ത് ചെലവ്-5,87,810

(ഡി &ഇ) വിവരം ശേഖരിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly